**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 902** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ചിറ്റൂർ മൂലത്തറ ഡാമിൽ നിന്നുള്ള ആർ.ബി. കനാൽ വേലന്താവളം വരെ നീട്ടുന്ന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ചിറ്റൂർ നിയോജക മണ്ഡലത്തിൽ മൂലത്തറ ഡാമിൽ നിന്നുള്ള ആർ.ബി. കനാൽ വേലന്താവളം വരെ നീട്ടുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ മുഴുവൻ സ്ഥലവും അക്വയർ ചെയ്തിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല. മൂലത്തറ ആർ.ബി. കനാൽ രണ്ടാംഘട്ടം സ്ഥലം ഏറ്റെടുപ്പ് നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**(ബി)** ഇപ്പോൾ പ്രവൃത്തി നടന്നു വരുന്ന പ്രൊജക്റ്റിൽ ആവശ്യമായ മുഴുവൻ സ്ഥലവും അക്വയർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ചെയിനേജ്കളിൽ സ്ഥലം ഏറ്റെടുക്കാൻ ബാക്കിയുണ്ട്; വിശദമാക്കുമോ;

**<u>മറുപടി:</u>** പദ്ധതിക്കായി അധിക സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

ചെയിനേജ് 0.000 മീറ്റർ-0270മീറ്റർ- 41.743 സെന്റ്

ചെയിനേജ് 1440 മീറ്റർ- 9.63 സെന്റ്

ചെയിനേജ് 1950 മീറ്റർ- 15.035 സെന്റ്

ചെയിനേജ് 2625 മീറ്റർ- 10.32 സെന്റ്

ചെയിനേജ് 2735 മീറ്റർ- 2.52 സെന്റ്

**ആകെ- 79.248 സെന്റ്**

**(സി)** ആവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുക്കാതെ പ്രവൃത്തി നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായതിനു ശേഷമാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരുന്നത്. വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായി ഡിസൈനിൽ വരുത്തേണ്ടി വന്ന മാറ്റങ്ങൾക്കനുസൃതമായി ചില ചെയിനേജുകളിൽ അധിക ഭൂമി ഏറ്റെടുക്കേണ്ടതായി വന്നു. റവന്യൂ വകുപ്പ് മുഖേന സ്ഥലമേറ്റെടുപ്പ് നടപടികൾ നടന്നുവരുന്നു.

**(ഡി)** പ്രവൃത്തി പൂർത്തിയായ ഭാഗത്ത് കർഷകർക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചതിനു ശേഷം മാത്രമേ കർഷകർക്ക് കൃഷി ആവശ്യങ്ങൾക്കായി ജലം വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ .

**(ഇ)** നാളിതുവരെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ ചെലവഴിച്ചു; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി ഇതുവരെ 142,81,93,086/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**